"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം ലഭിച്ച ശ്രീ. അയ്യപ്പൻ. എൻ (PEN: 618874) -നെ ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.469/2026/ID തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-

1. 14/03/2025-ലെ സ.ഉ. (സാധാ) നം. 1101/2025/പൊ.ഭ.വ
2. 12/05/2025- ലെ സ.ഉ. (സാധാ) നം. 499/2025/വ്യവ
3. 11/02/2026-ലെ സ.ഉ. (അച്ചടി) നം. 10/2026/വ്യവ
4. 28/02/2026-ലെ സ.ഉ. (സാധാ) നം. 214/2026/വ്യവ
5. 18/03/2026-ലെ സ.ഉ. (സാധാ) നം. 1373/2026/പൊ.ഭ.വ
6. വ്യവസായ വാണിജ്യ ഡയറക്ടറുടെ 24/03/2026-ലെ ഡിഐസി/12878/2018-ഇഡി2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) -ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എ.എസ് (ജൂനിയർ ടൈം സ്കെയിൽ) ഉദ്യോഗസ്ഥരുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കപ്പെടുത്തുന്നതിലേയ്ക്ക് വ്യവസായ വാണിജ്യ വകുപ്പിൽ സ്ഥാനക്കയറ്റത്തിനായി നീക്കിവച്ചിട്ടുള്ള 6 അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ ഒരെണ്ണം കെ.എ.എസ് (ജൂനിയർ ടൈം സ്കെയിൽ) നിയമനത്തിനായി നീക്കിവച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കെ.എ.എസ് ഉദ്യോഗസ്ഥരുടെ നിയമനം വൈകിയേക്കാമെന്ന അനുമാനത്തിൽ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിലേയ്ക്ക് പരാമർശം (3) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. അയ്യപ്പൻ. എൻ (PEN: 618874) -ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി നിയമിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (5) ഉത്തരവ് പ്രകാരം പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നീക്കിവയ്ക്കപ്പെട്ടിരുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ കെ.എ.എസ് (ജൂനിയർ ടൈം സ്കെയിൽ) ഉൾപ്പെട്ട ശ്രീ. സനോബ്. എസ് KAS നിയമിതവുകയും അപ്രകാരം പരാമർശം (4) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റ നിയമനം ലഭിച്ച ശ്രീ. അയ്യപ്പൻ. എൻ (PEN: 618874) -ന് നിയമനം നല്കുന്നതിന് ഒഴിവില്ലാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തതിനാൽ ശ്രീ. അയ്യപ്പൻ. എൻ (PEN: 618874) -നെ ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്യണമെന്ന് പരാമർശം (6) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം കെ.എ.എസ് (ജൂനിയർ ടൈം സ്കെയിൽ) നീക്കിവച്ചിരുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പരാമർശം (5) ഉത്തരവ് പ്രകാരം ശ്രീ. സനോബ്. എസ് KAS-നെ നിയമിച്ച് ഉത്തരവായിട്ടുള്ളതിനാൽ പരാമർശം (4) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റ നിയമനം ലഭിച്ച ശ്രീ.

അയ്യപ്പൻ. എൻ (PEN: 618874) -ന് നിയമനം നല്കുന്നതിന് ഒഴിവില്ലാത്തതിനാൽ ടിയാനെ ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABU ANTONY K

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. അയ്യപ്പൻ എൻ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 22-04-2026 14:52:06